(ബി) ഈ പദ്ധതി എന്നുമുതലാണ് നടപ്പാക്കിത്തുടങ്ങിയത് എന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിക്ക് നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീമതി ചന്ദ്രലേഖാ ബിനുവിന്റെ അപേക്ഷ

314(1693) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം പൊളിക്കുന്നതിനിടെ വീണ് കാലുകൾക്ക് ചലനശേഷി നഷ്ടപ്പെട്ട വ്യക്തിക്ക് ട്രീവിലർ സ്കൂട്ടർ അനുവദിക്കുന്നതിന് ശ്രീമതി ചന്ദ്രലേഖാ ബിനു, മണ്ണയ്ക്കനാട്, മരങ്ങാട്ടുപള്ളി, കോട്ടയം ബഹു. പഞ്ചായത്തും സാമൂഹ്യനീതി വകുപ്പുമന്ത്രിയ്ക്ക് നൽകിയതും KSPHDC മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയതുമായ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നിർഭയ ഷെൽട്ടർ ഹോമുകൾ

315(1694) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനാണ് നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇവരുടെ സംരക്ഷണം, വിദ്യാഭ്യാസം, പുനരധിവാസത്തിനാവശ്യമായ തൊഴിൽ പരിശീലനം, മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനുള്ള പരിപാടികൾ എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകിവരുന്നു.

(സി) ഇതിനായി സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ 11 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ഷെൽട്ടർ ഹോമുകളുടെ പരിശോധനയും മേൽനോട്ട ചുമതലയും നിർഭയ സെല്ലിനാണ് നൽകിയിട്ടുള്ളത്.

നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പ്

316(1695) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് എം.എൽ.എ.മാർ നിർദ്ദേശിച്ചു നൽകുന്ന നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനുള്ള തുക സർക്കാർ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ബഡ്ജറ്റിൽ വക കൊള്ളിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വ്യവസ്ഥകൾക്ക് വിധേയമായി, പ്രസ്തുത സ്ഥാപനങ്ങളുടെ നടത്തിപ്പിന് സമാന സ്വഭാവമുള്ള ഏതെങ്കിലും അംഗീകൃത ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിർഭയ കേന്ദ്രത്തോടനുബന്ധിച്ച് സ്ത്രീ സുരക്ഷയും സ്ത്രീ ശാക്തീകരണ പ്രവർത്തനവും സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളും നടത്തുകയും സുതാര്യമായ യൂസർഫീ ഏർപ്പെടുത്തുകയും ചെയ്യുന്നതു വഴി സ്ഥാപന നടത്തിപ്പ് സുഗമമാവുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കുന്ന നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനങ്ങൾക്ക് മാത്രമേ സാമൂഹ്യനീതി വകുപ്പ് ഫണ്ട് നൽകുന്നുള്ളൂ.